**പുസ്തകവിമർശനം**

കഥാപ്രപഞ്ചം – വാഗ്ദാനങ്ങളും.........

**തോട്ടം രാജശേഖരൻ**

1

# കഥാപ്രപഞ്ചം – വാഗ്ദാനങ്ങളും.........

## തോട്ടം രാജശേഖരൻ

കഴിഞ്ഞ ഏഴുവർഷത്തിനിടയ്ക്ക് പലപ്പോഴായി എഴുതപ്പെട്ട പന്ത്രണ്ട് കഥകളടങ്ങിയതാണ് ഹരികുമാറിന്റെ 'കൂറകൾ'. വൈകാരികസംഘർഷം മുറ്റിയ സന്ദർഭങ്ങൾ തെരഞ്ഞെടുത്ത്, കഥാപാത്രങ്ങളുടെ മനസ്സിന്റെ നിഗൂഢമേഖലകളിലെ ചോദനകളുടേയും പ്രതികരണങ്ങളുടേയും വിശകലനത്തിലൂടെ ജീവിതത്തിന്റെ മുഖങ്ങൾ അനാവരണം ചെയ്യാനാണ് ഹരികുമാറിന്റെ ശ്രമം. അനുവാചകന്റെ മനസ്സിൽ ഗാഢമായ അന്തഃക്ഷോഭം – ഇല്ലെങ്കിൽ അസ്വാസ്ഥ്യമെങ്കിലും – ജനിപ്പിക്കുവാൻ കഥാകൃത്ത് ആഗ്രഹിക്കുന്ന. പ്രതീകാത്മകമായ ആഖ്യാന ശൈലിയാണ് ഹരികുമാറിന് ഇഷ്ടം. കൂറകൾ ഉണക്കമരങ്ങൾ ശിശിരം, കരിയടുപ്പ്, പരുന്തുകൾ വട്ടം ചുറ്റുമ്പോൾ, എന്നീ കഥകളിലെല്ലാം പ്രതീകങ്ങളെ കേന്ദ്രമാക്കി കഥാശില്പം ഒരുക്കിയിരിക്കുകയാണ്. രണ്ടു മക്കളുടെ അമ്മയും, സ്ഥിരം വരുമാനക്കാരനായ ഒരു മറുനാടൻ മലയാളിയുടെ ഭാര്യയും ആയ ഒരു സ്ത്രീയുടെ ഉദരത്തിൽ പുതുതായി വളർന്നവരുന്ന ജീവനെ നശിപ്പിക്കാനുള്ള ഇൻജക്ഷൻ എടുക്കുന്നതിന് ഡോക്ടറെ സമീപിക്കാൻ നിശ്ചയിച്ച ദമ്പതികളുടെ മാനസികാസ്വാസ്ഥ്യം, കിരുകിരെ ശബ്ദമുണ്ടാക്കി മേശമേലും ചുമരിന്മേലും അരിച്ചരിച്ച് നടക്കുന്ന കൂറകളിലൂടെ കഥാകൃത്ത് വിവരിക്കുന്നു. കൂറകളുടെ കിരുകിരുപ്പ് പെരുകുന്നതോടെ അന്തരംഗത്തിലെ നീറ്റലും വർദ്ധിക്കുന്നു. പുതിയ ജീവന്റെ കണികക്ക് ജീവിക്കാനുള്ള അവകാശം ശാസ്ത്രത്തിന്റെ സഹായത്തോടെ നിഷേധിക്കുന്നു. കോക്ക് റോച്ച് പൗഡറിന്റെ സമ്പർക്കമേറ്റ കൂറകളും ചത്തുമലച്ച് വീഴുന്നു. കൂറകളുടെ ശല്യവും പുതിയ ജീവന്റെ തുടിപ്പും നിലയ്ക്കുന്നു.

മുപ്പത്തൊന്നു വയസ്സായിട്ടും അവിവാഹിതയായിരുന്ന ഒരുവളുടെ തളിർക്കാത്ത മോഹങ്ങളാണ് 'ഉണക്കമരത്തിൽ' ഓ. ഹെന്റിയുടെ 'ദിലാസ്റ്റ് ലീഫ്' (അവസാനത്തെ ഇല) എന്ന ആത്മതർപ്പണക്ഷമമായ കഥയെ അനുസ്മരിപ്പിക്കുന്നതാണ് ഈ സമാഹാരത്തിലെ 'പരുന്തുകൾ വട്ടം ചുറ്റുമ്പോൾ' എന്ന കഥ ബോധത്തിനും അബോധത്തിനും ഇടയ്ക്കുള്ള അവസ്ഥയിൽ കിടക്കുന്ന ഒരു ടൈഫോയ്ഡ് രോഗി, അകലെയുള്ള കുളത്തിന്റെ കരയിൽ നരച്ച താടിയും സ്വർണ്ണഫ്രെയിമുള്ള കണ്ണടയുമായി കുനിഞ്ഞിരുന്ന് മത്സ്യം പിടിക്കുന്ന കിഴവനെ ജാലകത്തിലൂടെ കാണുന്നു. രാവിലെ മുതൽ വൈകുന്നേരംവരെ ചൂണ്ടലുമായി കിഴവൻ ചടഞ്ഞിരിക്കുന്നു. രോഗിയുടെ മനസ്സിൽ, വയലുകൾക്ക് മീതെ പറന്നുയരുന്ന പരുന്തുകളുടെ ചിത്രവും നിഴലിക്കുന്നു. പെട്ടെന്ന് രോഗിക്കൊരു തോന്നൽ. 'ഞാൻ അടുത്തറിയുന്ന ആരോ മരിക്കാൻ പോകുന്നു!' ആ ചിന്ത ഭയാനുകമാംവണ്ണം വളരുന്നതോടെ പനി വർദ്ധിക്കുന്നു. മനസ്സിൽ പരുന്തുകൾ ചിറകു വിരിച്ച് പറക്കുന്നു. വീണ്ടും ആശ്വാസത്തിന്റെ പ്രഭാതം വരുന്നു. അപ്പോഴേക്കും അറിയുന്നു, 'ആ താടിക്കാരൻ കെളവൻ ചത്തു' എന്ന്.

മധുവിധു, നിനക്കുവേണ്ടി എന്നീ കഥകളും ഹൃദയസ്പർശകങ്ങളാണ്. ദൈവഭക്തി, വ്യാപാരാടിസ്ഥാനത്തിലാക്കി പുലരുന്ന കാപട്യത്തിന്റെ മുഖത്തടിക്കുന്നതാണ് 'ദൈവം ജ്ഞാനിയാകുന്നു.' എന്ന കഥ, ഹരികുമാർ സ്വീകരിക്കുന്ന സങ്കേതങ്ങളും ചില പ്രതീകങ്ങളും അചുംബിതങ്ങളല്ലെങ്കിലും അവ അദ്ദേഹം ഉചിതമായി സന്നിവേശിപ്പിച്ചിരിക്കുന്നു. ഭാവശില്പങ്ങൾ അദ്ദേഹം സൂക്ഷ്മതയോടെ പണിതൊരുക്കുന്നു. അത്യന്താധുനികതയുടെ വൈകൃതങ്ങൾ കണ്ടു മടുത്തവരുടെ മുന്നിൽ ആധുനികതയുടെ കരുത്തുറ്റ, ഭാവാർദ്രമായ മുഖം ഹരികുമാർ തെളിച്ചുകാട്ടുന്നു. തെല്ലും ആശങ്കകൂടാതെ പറയാം. ഇതാ ശ്രദ്ധേയനായ ഒരു കഥാകൃത്ത് താൻ പോരിമയുള്ള ഒരു വാഗ്ദാനം.

എക്സ്പ്രസ്സ് 1972